CHRISTIAN NEWS NOVEMBER 2021

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് - കോൾ

Volume 04 Issue No:46 Pages:14 Reg: TVM/1717/2014, Established:USA, Published from:India

വിശ്വാസത്തിന്റെ പരിശോധന 03






11 ഞാൻ ലോകത്തിന്റെ വെളിച്ചം

മൈ ഗോഡ് ഈസ് ഏബിൾ..... 07




12 യഹോവയെ സ്തുതിപ്പിൻ

THE ENDTIME NEWS

# ബ്രിട്ടനിൽ 600 വർഷം പഴക്കമുള്ള സ്വർണത്തിൽ നിർമ്മിച്ച ബൈബിളിന്റെ ചെറുരൂപം കണ്ടെത്തി





**യോർക്ക്ഷെയർ:** ബ്രിട്ടനിലെ നാഷണൽ ഹെൽത്ത് സർവീസിൽ നേഴ്സായി ജോലി ചെയ്യുന്ന വനിത 600 വർഷത്തോളം പഴക്കമുള്ള തുറന്ന പുസ്തകത്തിന്റെ ആകൃതിയിലുള്ള സ്വർണ്ണനിർമ്മിത ചെറു ബൈബിൾ മാതൃക കണ്ടെത്തി. യോർക്കിലെ കൃഷിയിടത്തിൽ ഭർത്താവിനൊപ്പം മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് നടത്തിയ പരിശോധനയിലാണ് ഈ അമൂല്യ പുരാവസ്തു കണ്ടെത്തിയത്. വെറും അഞ്ചിഞ്ച് മാത്രം കുഴിച്ചപ്പോഴേക്കും അര ഇഞ്ച് മാത്രം നീളമുള്ള അത്ര പെട്ടെന്നൊന്നും ആരുടേയും ദൃഷ്ടിയിൽ പെടാത്ത ഈ അമൂല്യ നിധി കണ്ടെത്തിയെന്നാണ് ബ്ലസ്സി എന്ന 48 കാരി പറയുന്നത്. ആകൃതിയിൽ ചെറുതാണെങ്കിലും വിശുദ്ധരായ ലിയോണാർഡിന്റെയും, മാർഗരറ്റിന്റേതെന്നും കരുതപ്പെടുന്ന ഒരു പുരുഷന്റേയും സ്ത്രീയുടേയും രൂപങ്ങൾ ഇതിൽ ആലേഖനം ചെയ്തിട്ടുണ്ട്.

22 അല്ലെങ്കിൽ 24 കാരറ്റ് സ്വർണത്തിൽ നിർമ്മിച്ചിരിക്കുന്ന ഈ ചെറു ബൈബിൾ മാതൃകയ്ക്ക് വെറും 0.2 ഔൺസ് ഭാരം മാത്രമേ ഉള്ളൂ. നല്ല കനവും തിളക്കവുമുള്ള മനോഹരമായ ബൈബിൾ മാതൃകയാണിതെന്ന് ബ്ലസ്സി പറയുന്നത്. ബ്ലസ്സിയുടെ കണ്ടെത്തലിന് അഭിനന്ദനവുമായി യോർക്ക്ഷെയർ മ്യൂസിയം രംഗത്ത് വന്നിട്ടുണ്ട്. ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷം പൗണ്ട് മൂല്യമാണ് മ്യൂസിയം ഈ അമൂല്യനിധിക്ക് കണക്കാക്കുന്നത്. 1483 മുതൽ 1485 വരെ ഇംഗ്ലണ്ട് ഭരിച്ചിരുന്ന റിച്ചാർഡ് മൂന്നാമൻ രാജാവിന് പുരാവസ്തു കണ്ടെത്തിയ സ്ഥലത്തിന് സമീപം സ്ഥലമുണ്ടായിരുന്നു എന്ന വസ്തുത നിലനിൽക്കുന്നതിനാൽ അദ്ദേഹത്തിന്റെയോ പത്നി ആൻ നെവില്ലെയുടേയോ സ്വന്തക്കാരിയായ ഏതെഹ്കിലും സമ്പന്ന സ്ത്രീയുടേതായിരിക്കാം ഈ ബൈബിൾ മാതൃകയെന്നാണ് നിഗമനം.

1985 ൽ ഇതേ മേഖലയിൽ നിന്നും കണ്ടെത്തുകയും ഇപ്പോൾ യോർക്ക്ഷയർ മ്യൂസിയത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ സ്വർണംകൊണ്ട് നിർമ്മിക്കുകയും നീലമരതകകല്ല് പതിക്കുകയും ചെയ്തിട്ടുള്ളതുമായ മിഡിൽഹാം ജ്യൂവൽ എന്ന ലോക്കറ്റിന്റെ വിവരങ്ങളും ഇപ്പോൾ കണ്ടെത്തിയ ചെറു

തുടർച്ച 06പേജിൽ

# ബുർക്കിനാ ഫാസോയിൽ വീണ്ടും ഇസ്ലാമിക തീവ്രവാദികളുടെ ഭീഷണി: 147 ക്രൈസ്തവർ പലായനം ചെയ്തു




ഔഗഡോഗോ: ആഫ്രിക്കൻ രാജ്യമായ ബുർക്കിനാ ഫാസോയിൽ തീവ്ര ഇസ്ലാമിക വാദികൾ ക്രൈസ്തവരെ വേട്ടയാടുന്നത് സംബന്ധിച്ച റിപ്പോർട്ടുമായി ക്രൈസ്തവ സംഘടനയായ എയിഡ് ടു ദി ചർച്ച് ഇൻ നീഡ്. നൈജറിന്റെ അതിർത്തിയിലുള്ള 2 ഗ്രാമങ്ങളിൽ നിന്ന് 8 ഗർഭിണികളും കുട്ടികളും ഉൾപ്പെടെ 147 ക്രൈസ്തവർ സാഫലിന്റെ തലസ്ഥാനമായ ഡോറിയിലേക്ക് ഇസ്ലാമിക തീവ്രവാദികളെ ഭയപ്പെട്ട് ഒക്ടോബർ അവസാനം പലായനം ചെയ്തുവെന്ന് പറയുന്നു. ക്രൈസ്തവർക്ക് അഭയം നൽകുന്ന ആളുകളേയും തീവ്രവാദികൾ ലക്ഷ്യം വയ്ക്കുന്നുണ്ട്. തങ്ങളുടെ ഉറ്റവരിൽ ചിലർ ഇപ്പോഴും ഗ്രാമങ്ങളിൽ ജീവിക്കുന്നുണ്ടെന്നും അവരുടെ സ്ഥിതി എന്താകും എന്നോർത്ത് ആശങ്കയു

തുടർച്ച 06പേജിൽ

# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Jiji Babu

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

**INDIA**
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

ആക്രമണ സമരങ്ങൾ ആരംഭിക്കയും, 20% എത്തമ്പോൾ ജിഹാദി സൈന്യത്തിന് രൂപം നൽകും. 40% ആയിക്കഴിയുമ്പോൾ കലാപഭൂമിയാക്കി മാറ്റുകയും 60% മുകളിൽ ആകുമ്പോൾ അമുസ്ലീമുകളെ പഠിപ്പിക്കുന്നത് ഗണ്യമായി വർദ്ധിപ്പിക്കും.

# ലോകമാകമാനമുള്ള ഇസ്ലാമികവൽക്കരണം.

ഹാർവാർഡ് യൂണിവേഴ്സിറ്റി നടത്തിയ പഠന പ്രകാരം ഒരു രാജ്യത്തിന്റെ മുസ്ലീം ജനസംഖ്യ ആ രാജ്യത്തെ ജനസംഖ്യയുടെ പതിനാറ് ശതമാനം എത്തിയാൽ ആ രാജ്യത്തിന്റെ ഇസ്ലാമിക വൽക്കരണം ഒരിക്കലും തടയുവാൻ സാദ്ധ്യമല്ല. ഇന്ന് ഇസ്ലാം രാഷ്ട്രങ്ങൾ എന്നറിയപ്പെടുന്ന പല രാജ്യങ്ങളും മുമ്പ് ക്രിസ്ത്യൻ രാജ്യങ്ങൾ ആയിരുന്നു. ഉദാ: തുർക്കി, ഈജിപ്ത്, സിറിയ. ഇവിടുണ്ടായിരുന്ന ഇതര മതസ്ഥരെയും ഉൾപ്പെടെ ഉന്മൂലനം ചെയ്താണ് ഇസ്ലാമിക രാഷ്ട്രം സ്ഥാപിച്ചത്. ഇത്തരത്തിലുള്ള ഇസ്ലാമിക അധിനിവേശം നൂറ് അല്ലെങ്കിൽ നൂറ്റമ്പത് കൊല്ലത്തെ നിഗൂഢ നീക്കത്തിലൂടെ ലക്ഷ്യം കൈവരിക്കും. ഇസ്ലാമിന് മതപരവും, നിയമപരവും, രാഷ്ട്രീയപരവും, സാമൂഹികവും, സൈനികവുമായി രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു രാജ്യത്തെ മുസ്ലീം ജനസംഖ്യ രണ്ട് ശതമാനത്തിന് താഴെയാണെങ്കിൽ ഇവർ വളരെ സമാധാനപ്രിയർ ആയിരിക്കും. ഇതര മതസ്ഥർക്ക് (കാഫിർ) ഭീഷണി ആയിരിക്കില്ല. രണ്ട് ശതമാനം മുതൽ അഞ്ച് ശതമാനം വരെ എത്തുമ്പോൾ മതപരിവർത്തനം ആരംഭിക്കുന്നു. അഞ്ച് ശതമാനത്തിന് മുകളിൽ എത്തുമ്പോൾ ഭരണകാര്യങ്ങളിൽ സ്വാധീനം ചെലുത്തുകയും, ഭീഷണി ആരംഭിക്കയും, സമരമുറകൾ ആവിഷ്ക്കരിക്കയും ചെയ്യും. 10% ആകുമ്പോൾ ശരിഅത്ത് നിയമം നടപ്പാക്കാൻ സമ്മർദ്ദം ആരംഭിക്കയും, ആക്രമണ സമരങ്ങൾ ആരംഭിക്കയും, 20% എത്തമ്പോൾ ജിഹാദി സൈന്യത്തിന് രൂപം നൽകും. 40% ആയിക്കഴിയുമ്പോൾ കലാപഭൂമിയാക്കി മാറ്റുകയും 60% മുകളിൽ ആകുമ്പോൾ അമുസ്ലീമുകളെ പഠിപ്പിക്കുന്നത് ഗണ്യമായി വർദ്ധിപ്പിക്കും. ശരിഅത്ത് നിയമവും, ജനിയ നികുതിയും അടിച്ചേൽപ്പിക്കും. 80% ആകുമ്പോൾ മുസ്ലീം ഭരണകൂടം നേരിട്ട് നേതൃത്വം നൽകുന്ന വംശഹത്യ നടത്തപ്പെടും. 100% ഇസ്ലാം ഒരു മതരാജ്യമായി തീരുമ്പോൾ ആ രാജ്യം സമാധാന പൂർണ്ണമായ പ്രദേശം “(ദാറുൾസലാം)” ആകും എന്നാണ് ജിഹാദി ഇസ്ലാമുകൾ കരുതുന്നത്. എന്നാൽ ഈ സ്വപ്നം ഒരിക്കലും സംഭവ്യമല്ല. ഇവരിലെ ഷിയാ, സുന്നി, മുജിഹിദ്,സലഫി തുടങ്ങി ഇതര വിഭാഗങ്ങൾ തമ്മിലുള്ള ശത്രുതമൂലം പരസ്പരമുള്ള നരവേട്ടയാൽ ലോകമാകമാനം  അസമാധാനം തലമുറകളിലേക്ക് കൈമാറിക്കൊണ്ടെയിരിക്കും.



ബൈജു യാക്കോബ്
ഇടവിള

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.




**ജോൺ ജോർജ്ജ്,**
രാജസ്ഥാൻ

# വിശ്വാസത്തിന്റെ പരിശോധന

കർത്താവിനെക്കാൾ അധികം ഒന്നിനെയും സ്വന്തം പ്രാണനെപ്പോലും പ്രിയപ്പെടുന്നവന് ശിഷ്യനായിരിക്കാൻ കഴികയില്ല. ചിലർ ചിന്തിക്കുന്നത് ഞങ്ങൾ വിശ്വാസികളും കർതൃശുശ്രൂഷയിലായിരിക്കുന്നവർ ശിഷ്യന്മാരും എന്നാണ്. ഇത് അയ്മേനി, തിരുമേനി എന്ന മതപൗരോഹിത്യത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ചിന്താഗതിയാണ്. ദൈവവചനത്തിൽ വിശ്വാസികൾ എന്നൊരു കൂട്ടമേയില്ല. സകലരും ശിഷ്യന്മാരാണ്, രാജകീയപുരോഹിതവർഗ്ഗമാണ്, സ്ഥാനാപതികളാണ് സകലജാതികളെയും ശിഷ്യരാക്കികൊള്ളുവാനാണ് കർത്താവ് കൽപ്പിച്ചത്. ക്രിസ്തുശിഷ്യത്വത്തിന്റെ മർമ്മം തന്നെ ജീവത്യാഗമാണ്. ഗോതമ്പുമണി നിലത്തുവീണ് ചാകുന്നില്ലയെങ്കിൽ തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ ഫലം കായ്ക്കും. രണ്ടിലൊന്ന് നമുക്ക് തിരഞ്ഞെടുക്കാം. സ്വന്തജീവനെ ത്യജിക്കാൻ കഴിയില്ലെങ്കിൽ, സ്വഭാവിക ജീവൻ ജീവിച്ച് നിത്യദണ്ഡനത്തിനർഹരാകാം. വിശ്വാസത്തിനായി ജീവാപ്പണം ചെയ്താൽ ക്രിസ്തു നമ്മിൽ ജീവിക്കും ഫലം കായ്ക്കും. കർത്താവിനെക്കാൾ അധികം സ്വന്തപ്രാണനെപ്പോലും സ്നേഹിക്കുമോ എന്ന് പരീക്ഷിച്ചതിനുശേഷമേ നിത്യത ലഭ്യമാകൂ. നിത്യതയിൽ ലഭിക്കുന്ന ദൈവീക സാക്ഷ്യം അതാണ്. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു മരണപര്യന്തംതങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. വിശ്വാസത്താൽ ലോകത്തിന്റെ മേൽ ജയമെടുക്കുന്നത് ആത്മീക ആയുധങ്ങളാൽ ആണ്. ഒന്ന് യേശുവിന്റെ രക്തത്താലും വചനത്താലും നാം ശുദ്ധീകരിക്കപ്പെടുന്നു. അതു നമ്മെ സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു. അടുത്തത് ദൈവത്തിൽ നിന്നും ലഭിക്കുന്ന സാക്ഷ്യമാണ്: മരണപര്യന്തം അവർ തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. അതുകൊണ്ടാണ് കർത്താവ് പറയുന്നത് ഒരു ഗോപുരം പണിയുവാൻ ഇച്ഛിക്കുന്നവൻ ആദ്യം ഇരുന്ന് അതിനുള്ള വക തന്റെ പക്കൽ ഉണ്ടോ എന്നു നോക്കണം. അയ്യായിരത്തിന്റെ സേന കയ്യിലുള്ളവർ അമ്പതിനായിരവും കൊണ്ട് വരുന്നവനുമായി എതിർക്കരുത്. ദൂരെയായിരിക്കുമ്പോൾ തന്നെ സന്ധി ചെയ്തോണം. അല്ലെങ്കിൽ സംഗതി ആകെ വല്ലാത്ത പരുവമാകാം. സാത്താനോട് എതിരിടാൻ തുടങ്ങുന്നതിനു മുൻപേ ക്രിസ്തുവാസത്തിന്റെ അധികാരം പ്രാപിച്ചോണം എന്നർത്ഥം. നിത്യതയെക്കാൾ അധികം പ്രാണനെ സ്നേഹിച്ച ഹിസ്ക്കീയാവിന്റെ ചരിത്രം ചിന്തിച്ചിരുന്നല്ലോ. വിശ്വാസത്തിന്റെ പരിശോധനകളിൽ വളരെ വൈഷമ്യമേറിയ ഒരു ഘട്ടമാണ് പ്രാണനെ നാം ദൈവത്തെക്കാൾ അധികം സ്നേഹിക്കുമോ എന്നത് ശദ്രക്ക്,മേശെക്ക്, അബേദ്നെഗോവിനുണ്ടായ പരിശോധനയും

തുടർച്ച 04 പേജ്ൽ






### 03 –ാം പേജ് തുടർച്ച

വിജയിച്ചവരിലൂടെ വെളിവായ ദൈവീക
മഹത്വവും നാം കണ്ടു. പരീക്ഷ സഹി
ക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അവൻ
കൊള്ളാകുന്നവനായി തെളിഞ്ഞശേഷം
കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു
വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപി
ക്കും. (യാക്കോബ്1:12) നാം ഇവിടെ ഒറ്റ
യ്ക്കല്ല. പിതാപുത്ര പരിശുദ്ധാത്മാവാം
ദൈവം കൂടെയുണ്ട്. ജീവകിരീടം
ആർക്കാണു കർത്താവ് വാഗ്ദത്തം ചെയ്യു
ന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കണം.
കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക്
ദൈവത്തെ എങ്ങനെ സ്നേഹിക്കണം.
പൂർണ്ണ ആത്മാവ്, പൂർണ്ണ ബുദ്ധി, പൂർണ്ണ
ശക്തി, പൂർണ്ണ മനസ് എന്നൊക്കെ ന്യായ
പ്രമാണം തറപ്പിച്ചു പഠിപ്പിക്കുന്നതിന്റെ
കാരണം പൂർണ്ണനായ ദൈവം കളങ്കത്തെ
ഒരണുപോലും സ്വീകരിക്കുകയില്ല. ദൈവ
പൈതലിൽ എന്തെങ്കിലും പാപമുണ്ടെങ്കിൽ
കഷ്ടതയിലൂടെ ജഡസംഹാരത്തിലൂടെ
ദൈവത്തിന് ശുദ്ധീകരിപ്പാനാകും. എന്നാൽ
സ്നേഹമില്ലായ്മ അത് പരിഹരിക്കാനാകില്ല.
ലോകസ്നേഹം ദൈവത്തോട് ശത്രുത
യാണ് ദ്രവ്യാഗ്രഹം സകലവിധ ദോഷ
ങ്ങൾക്കും മൂലകാരണമാണ്. അതു കാംക്ഷി
ച്ചിട്ട് അനേകർ വിശ്വാസം വിട്ടകന്ന്
ബഹുദു:ഖങ്ങൾക്കധീനരായിത്തീർന്നു
വിഗ്രഹാരാധനയായ അത്യാഗ്രഹം സഭക
ളിൽ വേരുമുതൽ തലവരെ പടർന്നുപിടിച്ചി
രിക്കയാണ്. ഒന്നുമില്ലായ്മയിൽ പിതാക്ക
ന്മാർ സംതൃപ്തിയോടെ ദൈവത്തെ
സ്നേഹിച്ചു. വിശ്വാസം എന്ന ദൈവവ്യവ
സ്ഥയിൽ നാളയെക്കുറിച്ച് ഭാരപ്പെടാതെ
ഉള്ളത് പങ്കിട്ട് ജീവിക്കുന്നത് ഒരു
സന്തോഷം ആയിരുന്നു. അവരുടെ കൂട്ടാ
യ്മകളിൽ സന്തോഷത്തിന്റെ സംതൃപ്തിയു
ടെയും കവിഞ്ഞൊഴുക്ക് ദൃശ്യമായിരുന്നു.
ഒരു ഉത്സവാനുഭൂതി ഉളവാക്കിയിരുന്നു.
അന്നൊക്കെ സഹോദരന്റെ ക്ഷേമമന്വേഷിക്കു
ന്നതും അവന്റെ ഭാരങ്ങളെ ദു:ഖങ്ങളെ പങ്കിടു
ന്നതും നിവാരണം കണ്ടെത്തുന്നതും ദൈവീക
നിയോഗമായിരുന്നു. ഇന്നിപ്പോൾ സഹോദരൻ
ആരാണെന്ന് അറിയാതെയായി.

വിശ്വാസത്തിന്റെ പരീക്ഷ സ്നേഹ
ത്തിൽറെ പരീക്ഷയാണ്. ദൈവത്തെക്കാൾ
അധികം യാതൊന്നിനെയും സ്നേഹിക്കുന്ന
വർക്ക് വിജയിക്കാനാകില്ല. ഇത് നിത്യജീവൻ
നൽകുവാനുള്ള വിശ്വാസത്തിന്റെ പരിശോധന
യാണ്. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന
കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ
വിശ്വാസത്തിന്റെ പരിശോധന വിലയേറിയത്
എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ
പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി
കാണ്മാൻ അങ്ങനെ ഇടവരും (1പത്രോസ്1:7)
ദൈവം നിന്നെ പുകഴ്ത്തണമെങ്കിൽ പുത്രൻ
തന്റെ തേജസ്സിനെ അണിയിക്കണമെങ്കിൽ പരിശു
ദ്ധാത്മാവ് മാനിക്കണമെങ്കിൽ ദൈവദൂ
തർസൈന്യം നമിക്കണമെങ്കിൽ അഗ്നിപരിശോധ
നയിലൂടെ പൊന്നിനെപ്പോലെ മാറ്റു വർദ്ധിപ്പിച്ചേ
കഴിയൂ. അതിനായി നമ്മുടെ ജീവനെ അപ്പന്റെ
കരങ്ങളിൽ ഏൽപ്പിക്കാം. നിങ്ങൾ അന്വേഷി
ക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമ
ദൂതനുമായവൻ പെട്ടെന്ന് തന്റെ മന്ദിരത്തിലേക്ക്
വരും. ഇതാ അവൻ വരുന്നു എന്ന് സൈന്യ
ങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ
അവൻ വരുന്ന ദിവസം ആർക്കു സഹിക്കാം?
അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും
അലക്കുന്നവന്റെ ചാരവെള്ളം പോലെയും ആയി
രിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും
വെള്ളി ശുദ്ധീകരിക്കുന്നവനെപ്പോലെയും ഇരു
ന്നുകൊണ്ട് ലേവീപുത്രന്മാരെ ശുദ്ധീകരിച്ച്
പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീ
കരിക്കും അങ്ങനെ അവർ നീതിയിൽ യഹോ
വയ്ക്ക് വഴിപാട് അർപ്പിക്കും. (മലാഖി3:1–3) നീതി
സൂര്യൻ വരുമ്പോൾ തൻപ്രഭാകാന്തി പ്രാപിക്ക
ണോ, ഉണരുമ്പോൾ നീതിയിൽ അവന്റെ മുഖം
കാണണോ? നീതിയിൽ വഴിപാട് അർപ്പിക്കണോ?
ആ മഹാ തട്ടാന്റെ കരത്തിൽ
ഏൽപ്പിക്കൂ!അഗ്നിയിലേക്ക് സമർപ്പിക്കൂ!
നിന്റെ സഹനത്തിന്റെ അളവ് അവന്
നന്നായി അറിയാം. അവന്റെ കൈകളില
മർന്നതൊന്നും നഷ്ടപ്പെട്ടുപോയിട്ടില്ല. അത
വന്റെ പിതാവിന്റേതാണ് ഒടുവിലത്തെ
നാളിൽ ഉയിർപ്പിച്ച് പിതാവിന്റെ സവിധേനി
റുത്തേണ്ടതാണ്. തന്റെ പിതാവിന് വിലപ്പെട്ട
ലോകത്തെക്കാൾ അമൂല്യമായ നമ്മെ
അവൻ മനസ്സോടെ ദു:ഖിപ്പിക്കത്തില്ല. ശുദ്ധീ
കരണം ഉളവാക്കിയെടുക്കുന്ന ഒരു
പ്രക്രിയയാണ് കാരണം മാനവരിലാരും
ശുദ്ധരല്ല.

വിശ്വാസത്തിന്റെ ശുദ്ധീകരണ പ്രക്രിയ.

ക്രിസ്തുവിൽ വിശ്വസിക്കുന്നതോ
ടൊപ്പം ലഭിക്കുന്ന വരം(ഫിലി1:29) കഷ്ടത.
നാം കർത്താവിനെ അറിയുന്നതും വിശ്വസി
ക്കുന്നതും അനുഭവിക്കുന്നതും കഷ്ടതയി
ലൂടെയാണ്. ഒരു മനുഷ്യനും സ്വോഭാവിക
മായി ദൈവത്തിങ്കലേക്ക് തിരിയുകയില്ല.
ദൈവത്തിങ്കലേക്ക് തിരിഞ്ഞാലും കഷ്ടതയി
ലൂടെയാണ് നാം വിശുദ്ധികരിക്കപ്പെടുന്നത്.
ആയതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന
ഭക്തന് വിശ്വസിക്കുന്നതോടൊപ്പം ലഭിക്കുന്ന
വരമാണ് കഷ്ടത . ദൈവമക്കൾ കഷ്ടത
അനുഭവിക്കാൻ നിയമിക്കപ്പെട്ടവരാ
ണ്.(1തെസ്സ3:3)
കഷ്ടതയിൽ നിന്നു സഹിഷ്ണുത ഉളവാ
ക്കുന്നു?(റോമർ5:3)
ഫലം: സഹിഷ്ണുത ദൈവയിഷ്ടം ചെയ്യു
വാൻ സഹായിക്കുന്നു. ദൈവം തന്റെ
മക്കൾക്ക് നൽകുന്ന കഷ്ടത നാം സഹിക്കു
ന്നതിലൂടെ നമ്മളിലുളവാക്കുന്ന ആത്മീയ
ഫലമാണ് സഹിഷ്ണത. ക്രിസ്തീയ ജീവിത
ത്തിന്റെ വിജയത്തിന് വളരെ അനിവാര്യ
മായ ഗുണമാണ് സഹിഷ്ണത. ദൈവ
യിഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിക്കണമെ
ങ്കിൽ സഹിഷ്ണത വേണം(എബ്രാ10:32–36)
സഹിഷ്ണുതയിൽ നിന്ന് സിദ്ധത(ശുദ്ധത)

തുടർച്ച 05പേജിൽ

04-ാം പേജ് തുടർച്ച

ഉളവാക്കുന്നു(റോമർ5:3). സിദ്ധത നമ്മെ ദൈവപൈതലാക്കുന്നു, അവകാശിയാക്കുന്നു. അതുകൊണ്ട് ദൈവയിഷ്ടപ്രകാരമുള്ള കഷ്ടത ശാപമാണെന്നും പിശാചിന്റേതാണെന്നും പറയല്ലേ. നമ്മെ ശുദ്ധീകരിച്ച് ശാപത്തിൽ നിന്നും ഉദ്ധരിപ്പാൻ ദൈവഹിത പ്രകാരമുള്ള കഷ്ടതയുടെ അഗ്നിയുമായി നല്ല തട്ടാൻ യേശുക്രിസ്തു നമ്മുടെ ജീവിത്തതിലും പ്രത്യക്ഷപ്പെടട്ടെ. അവൻ ഇരുന്നു ശുദ്ധീകരിക്കട്ടെ. എത്ര പ്രാവശ്യം തീയിലിട്ടാൽ വചനമാകുന്ന ചുറ്റികകൊണ്ട് അടിച്ചാൽ നാം ശുദ്ധമാകുമെന്ന് നല്ല തട്ടാനറിയാം. അളവ് അവന് അറിയാം അത് അശുദ്ധിയ്ക്ക് നമ്മുടെ മേലുള്ള പിടുത്തത്തിന്റെ ബലം പോലെയിരിക്കും. എത്ര പ്രാവശ്യം എന്നെ തീയിലിട്ടാലും കുഴപ്പമില്ല. എനിക്ക് നീതിയിൽ നിന്റെ മുഖം കണ്ട് ആനന്ദിച്ചാൽ മാത്രം മതി.കർത്താവെ എന്നു പറഞ്ഞു കൊണ്ട് ഏൽപ്പിച്ചു കൊടുക്കാം. തട്ടാൻ വെള്ളി ശുദ്ധമായോ എന്ന് ഗ്രഹിക്കുന്നത് തന്റെ മുഖത്തിന്റെ പ്രതിബിംബം ഇതിൽ എത്ര മാത്രം വ്യക്തമാണെന്ന് നോക്കിയാണ്. നമ്മുടെ തട്ടാന്റെ രൂപം നന്നായി നമ്മിൽ പ്രതിബിംബിക്കുന്നതു വരെ നമ്മെ ശുദ്ധീകരിക്കട്ടെ കഷ്ടത സാത്താന്റേതാണെന്നും കുരിശിൽ തറക്കപ്പെട്ട കർത്താവിനെ വേണ്ടായെന്നും പറയുന്ന അന്തി ക്രിസ്തുവിന്റെ സുവിശേഷം കേട്ട് നാം ഓടിപ്പോയാൽ പോക്കാ!

കർത്താവ് നമ്മെ ശുദ്ധീകരിച്ച് പരിശുദ്ധാത്മാവിന്റെ സന്തോഷത്താൽ ദൈവ സ്നേഹത്താൽ നിറയപ്പെട്ടു കഴിയുമ്പോൾ, പൗലോസിനെപ്പോലെ അനുഭവത്തിൽ നിന്നു നമുക്കും പറയാം. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ,സങ്കടമോ,ഉപദ്രവമോ,പട്ടിണിയോ,നഗ്നതയോ, ആപത്തോ,വാളോ? നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു. എന്ന് എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ കഴികയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു. (റോമ8:35-39).




# മധ്യപ്രദേശിൽ അറസ്റ്റ് ചെയ്യപ്പെട്ട പാസ്റ്റർക്കും സഹപ്രവർത്തകർക്കും ജാമ്യം

*അറസ്റ്റു ചെയ്ത സമയത്ത് മത വിഘടനവാദികൾ പോലീസ് സ്റ്റേഷൻ വളഞ്ഞ് ഉപരോധം നടത്തിയിരുന്നു. ജാംബുവയിൽ ഹിന്ദു മഹാസമ്മേളനം നടക്കുന്നതിനോടനുബന്ധിച്ച് വർഗീയ വാദികൾ ജനക്കൂട്ടത്തെ ഇളക്കിവിട്ട് സുവിശേഷകർക്കെതിരെ ശക്തമായ സമ്മർദ്ദമാണ് പോലീസിലും കോടതിയിലും ഉണ്ടാക്കിയത്.*

മധ്യപ്രദേശ്: മധ്യപ്രദേശിൽ ജാംബുവ ജില്ലയിൽ മാൻപുരിയിൽ പ്രാർത്ഥനാ യോഗത്തിനിടെ പോലീസ് അറസ്റ്റ് ടെയ്ത മഹാനൈദാൻ ഫെലോഷിപ്പ് ദൈവസഭയുടെ സീനിയർ ശുശ്രൂഷകനും ഗുജറാത്ത് സ്റ്റേറ്റ് ഓവർസീയറുമായ പാസ്റ്റർ ജോൺ മാത്യൂവിനും 4 സഹപ്രവർത്തകർക്കും 2 വിശ്വാസികൾക്കും ജാമ്യം ലഭിച്ചു.

പ്രലോഭിപ്പിച്ചു മതം മാറ്റി എന്ന വ്യാജകുറ്റം ആണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്. അറസ്റ്റു ചെയ്ത സമയത്ത് മത വിഘടനവാദികൾ പോലീസ് സ്റ്റേഷൻ വളഞ്ഞ് ഉപരോധം നടത്തിയിരുന്നു. ജാംബുവയിൽ ഹിന്ദു മഹാസമ്മേളനം നടക്കുന്നതിനോടനുബന്ധിച്ച് വർഗീയവാദികൾ ജനക്കൂട്ടത്തെ ഇളക്കിവിട്ട് സുവിശേഷകർക്കെതിരെ ശക്തമായ സമ്മർദ്ദമാണ് പോലീസിലും കോടതിയിലും ഉണ്ടാക്കിയത്. സെഷൻസ് കോടതി ജാമ്യം നൽകാൻ വിസമ്മതിച്ചു.

പോലീസ് സുവിശേഷകരെ കയറുകൊണ്ട് ബന്ധിച്ചാണ് തെളിവെടുപ്പുകൾക്കായി കൊണ്ടുപോയിരുന്നത്. ഭക്ഷണ സമയത്തുപോലും കെട്ടഴിക്കാൻ അനുവദിക്കാതെ കടുത്ത മനുഷ്യാവകാശ ലംഘനമാണ് പോലീസ് നടത്തിയത്. മാവേലിക്കര സ്വദേശിയായ പാസ്റ്റർ ജോൺ മാത്യൂ ദീർഘ വർഷങ്ങളായി ഗുജറാത്തിലെ സൂറത്തിൽ മഹാനൈദാൻ ഫെലോഷിപ്പ് സഭാ ശുശ്രൂഷകനാണ്.

# റവ. സി സി തോമസ്

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ഗവേണിംഗ് ബോഡി ചെയർമാനായി

# തെരഞ്ഞെടുക്കപ്പെട്ടു

**ചെന്നൈ:**ചർച്ച് ഓഫ് ഗോഡ് ഇന്ത്യാ ഗവേണിംഗ് ബോഡി ചെയർമാനായി റവ.സി.സി.തോമസ് തെരഞ്ഞെടുക്കപ്പെട്ടു. നവംബർ 10 ന് ചെന്നൈയിലുള്ള അബു സരോവർ പോർട്ടിക്കോ ഹോട്ടലിൽ നടന്ന ഓൾ ഇന്ത്യാ ഗവേണിംഗ് ബോഡി യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. രണ്ടു വർഷമാണ് കാലാവധി.2016 മുതൽ പാസ്റ്റർ സി സി തോമസ് കേരളാ സ്റ്റേറ്റ് ഓവർസീയറായി സേവനമനുഷ്ഠിക്കുന്നു.

നിലവിലെ ചെയർമാൻ പാസ്റ്റർ രാജു തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഐക്യകണ്ഠേനയാണ് തെരഞ്ഞെടുപ്പ് നടന്നത്. തമിഴ്നാട് സ്റ്റേറ്റ് ഓവർസീയർ റവ.ജ്ഞാനദാസ് സെക്രട്ടറിയായും റവ.എബനേസർ സെൽവരാജ് റിക്കാർഡിംഗ് സെക്രട്ടറിയായും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ.കെന്നത്ത് ആൻഡേഴ്സൺ മുഖ്യാതിഥി ആയിരുന്നു. യോഗത്തിൽ എല്ലാ ഓവർസീയർമാരും ഗവേണിംഗ് ബോഡി അംഗങ്ങളും പങ്കെടുത്തു.



# 38 മത് പി സി എൻ എ കെ
## 2023 ജൂൺ 29 മുതൽ
# പെൻസിൽവേനിയായിൽ




അറ്റ്ലാന്റ്: കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മാറ്റിവെക്കേണ്ടി വന്ന 38 മത് പി സി എൻ എ കെ കോൺഫറൻസ് 2023 ജൂൺ 29 മുതൽ ജൂലൈ 2 വരെ പെൻസിൽവേനിയായിൽ നടക്കും. നവംബർ 7ന് നടന്ന നാഷണൽ കമ്മറ്റിയുടെ ടെലികോൺഫറൻസിലാണ് തീരുമാനമെടുത്തത്. നിലവിലുള്ള കമ്മറ്റികൾ 2023 ലെ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു.

ലോകമെങ്ങും പടർന്നു പിടിച്ച കൊറോണ വൈറസ് ബാധ അമേരിക്കൻ ഐക്യനാടുകളെയും ബാധിച്ചതിനാൽ കോൺഫറൻസ് നടത്തുവാൻ കഴിയാത്ത സാഹചര്യം ആയിരുന്നു. ഇപ്പോഴത്തെ സാഹചര്യവും പരിമിതികളുമാണ് കോൺഫരൻസ് 2023 ലേക്ക് മാറ്റുവാൻ കാരണമായതെന്ന് നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യൂ, നാഷണൽ സെക്രട്ടറി ശമുവേൽ യോഹന്നാൻ,നാഷണൽ ട്രഷറാർ വിൽസൺ തരകൻ എന്നിവർ അറിയിച്ചു.

അമേരിക്കയിലെയും കാനഡയിലെയും മലയാളി പെന്തക്കോസ്ത് സമൂഹം ഇതുവരെ നൽകിയ എല്ലാ പിന്തുണയ്ക്കും നന്ദി അറിയിക്കുന്നുവെന്നും നാഷണൽ എക്സിക്യൂട്ടീവ് കമ്മറ്റി പറഞ്ഞു. പി സി എൻ എ കെ കോൺഫറൻസിന്റെ പ്രഥമ ഓൺലൈൻ മീറ്റിംഗ് നവംബർ 28 ഞായറാഴ്ച വൈകിട്ട് 7.30 ന് നടത്തുവാനും നാഷണൽ കമ്മറ്റി തീരുമാനിച്ചു.

### 01 –ാം പേജ് തുടർച്ച

ണ്ടെന്നും പലായനം ചെയ്ത ക്രൈസ്തവരിൽ ഒരാൾ സംഘടനയോട് വെളിപ്പെടുത്തി.
തീവ്രവാദികൾ ഗ്രാമങ്ങളിൽ പ്രവേശിച്ച് കന്നുകാലികളുടെ എണ്ണത്തിനനുസരിച്ച് കരം നൽകണമെന്ന് ആവശ്യപ്പെട്ടുവെന്നും ഇസ്ലാം മതസ്ഥരെ ഒഴിവാക്കി ക്രൈസ്തവരെ കൊല ചെയ്യാൻ ആളുകളുടെ മതം ചോദിച്ചുവെന്നും പ്രദേശവാസികളെ ഉദ്ധരിച്ച് എയിഡ് ടു ദി ചർച്ച് ഇൻ നീഡ് റിപ്പോർട്ട് ചെയ്യുന്നു. രാജ്യമെമ്പാടും ആക്രമങ്ങളും തട്ടികൊണ്ടുപോകലും കൊലപാതകങ്ങളും നടക്കുന്നുണ്ടെന്ന് ഡോറിയിലെ മെത്രാൻ ളോറന്റ് ബിർഫുറേഡാബിറേ സംഘടനയോട് പറഞ്ഞു. തങ്ങൾക്ക് തോന്നുന്നതനുസരിച്ച് തട്ടികൊണ്ടുപോകുന്നവരെ ചിലരെ വധിക്കുകയും ചിലരെ വെറുതെ വിടുകയും ചെയ്യുന്നു.

### 01 –ാം പേജ് തുടർച്ച

ബൈബിൾ മാതൃകയുടെ വിശദാംശങ്ങളും തമ്മിൽ നല്ല സാമ്യമുള്ളതിനാൽ ഈ രണ്ട് അമൂല്യ നിധികളും പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരേ കലാകാരൻ തന്നെ നിർമ്മിച്ചതാകാമെന്ന് നിരീക്ഷണമുണ്ട്. മിഡിൽഹാം ജ്യൂവലിനെപ്പോലെ തന്നെ ഈ അമൂല്യ നിധിയും യോർക്ക്ഷയർ മ്യൂസിയം സ്വന്തമാക്കുവാനാണ് സാധ്യത. 1992 ൽ 25 ലക്ഷം പൗണ്ട് നൽകിയാണ് യോർക്ക്ഷയർ മ്യൂസിയം മിഡിൽഹാം ജ്യൂവൽ സ്വന്തമാക്കിയത്.

Available on the iPhone App Store
ANDROID APP ON Google play






# മൈ ഗോഡ് ഈസ് ഏബിൾ.....



**ബാബു ജോർജ്ജ്**
പത്തനാപുരം.

ദൈവത്തിന്റെ സർവ്വശക്തിത്വത്തെക്കുറിച്ച് ആർക്കും സംശയമില്ല. ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ല. എന്നു വചനം സ്പഷ്ടമാക്കുന്നു(ലൂക്കോസ്1:37, യിരെ32:17, ഉല്18:18) എന്നാൽ അനുദിന ജീവിതത്തിൽ വരുന്ന വിവിധ പ്രതിസന്ധിയിൽ നിന്ന് എന്നെ വിടുവിപ്പാൻ ദൈവത്തിനു കഴിയുമോ എന്നു നാം പലപ്പോഴും സംശയിച്ചുപോകാം. എന്നാലപ്പോഴും നമുക്കു ദൈവത്തിന്റെ വല്ലഭത്വത്തിലും സർവ്വശക്തിത്വത്തിലും ആശ്രയിച്ച് ശക്തരായിത്തീരാൻ നമുക്കു കഴിയണം. ദൈവത്തിനു കഴിയും എന്നു തിരുവെഴുത്ത് സ്പഷ്ടമായി പറയുന്ന ചില വേദഭാഗങ്ങൾ നമുക്കൊന്നു പരിശോധിക്കാം. അതുമൂലം നമ്മുടെദൈവാശ്രയബോധം വളരട്ടെ.

1.അചേതനത്തെ സചേതനമാക്കാൻ കഴിയുന്നവൻ

അചേതന (ജീവനില്ലാത്ത) വസ്തുക്കളിൽ നിന്നു ജീവൻ ഉടലെടുക്കുകയില്ലെന്നാണ് ശാസ്ത്രം പറയുന്നത്. കല്ല് ഒരു അചേതന വസ്തുവാണല്ലോ. എന്നാൽ ബൈബിൾ പറയുന്നു. അബ്രഹാമിനു ഈ കല്ലുകളിൽ നിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും (ലൂക്കോസ്3:8) കാരണം സകലവും കീഴ്പെടുത്താൻ കഴിയുന്ന മഹാവ്യാപാരശക്തിയുള്ളവനാണു നമ്മുടെ ദൈവം(

ജീവിതത്തിൽ വരുന്ന വിവിധ പ്രതിസന്ധിയിൽ നിന്ന് എന്നെ വിടുവിപ്പാൻ ദൈവത്തിനു കഴിയുമോ എന്നു നാം പലപ്പോഴും സംശയിച്ചുപോകാം. എന്നാലപ്പോഴും നമുക്കു ദൈവത്തിന്റെ വല്ലഭത്വത്തിലും സർവ്വശക്തിത്വത്തിലും ആശ്രയിച്ച് ശക്തരായിത്തീരാൻ നമുക്കു കഴിയണം.

തുടർച്ച 08 പേജിൽ




കൂടുതൽ ശക്തിയുള്ള വിശ്വാസവും ഐശ്വര്യവുമായ അനുഗ്രഹവും ഉള്ളവനായിട്ടാണ് അബ്രഹാം പരീക്ഷയിൽ മലയിറങ്ങിപ്പോയത്.
2)ബാബേലിലെ എബ്രായ ബാലന്മാർ: നെബുഖദ്നേസർ രാജാവു നിറുത്തിയ സ്വർണ്ണ വിഗ്രഹത്തെ നമസ്കരിക്കാഞ്ഞതിനാൽ, ഈ എബ്രായ ബാലന്മാർ തീച്ചൂളയിൽ എറിയപ്പെട്ടു. എന്നാൽ അന്നൊരു ദൈവീക വാഗ്ദത്തം നടപ്പായി.

ഫിലി3:21).

അബ്രഹാമിനു തൊണ്ണൂറ്റി ഒമ്പതും, സാറയ്ക്ക് തൊണ്ണൂറും വയസ്സായി പുത്രോല്പാദനത്തിനുള്ള കഴിവ് ഇരുവർക്കും നഷ്ടപ്പെരുന്നു. അബ്രഹാമിന്റെ ശരീരവും സാറായുടെ ഗർഭപാത്രവും നിർജ്ജീവമായിത്തീർന്നു(റോമ4:19)പക്ഷെ അപ്പോഴും യഹോവ പറഞ്ഞു. ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു(ഉൽപ്പത്തി17:1) ജീവന്റെ യാതൊരു കണികപോലും ഇല്ലാത്ത കല്ലുപോലുള്ള അവസ്ഥയിൽ നിന്നും, തുടുതുടിപ്പുള്ള സന്തതികളെ പുറത്ത് കൊണ്ടുവരുവാൻ കഴിയുന്നവനാണു നമ്മുടെ ദൈവം. എഴുപത്തിയഞ്ചാമത്തെ വയസ്സിലാണ് സന്തതിയെ തരാമെന്നുള്ള വാഗ്ദത്തം അബ്രഹാമിന് ദൈവം കൊടുത്തത്(ഉല്12:4,2) നീണ്ട ഇരുപത്തിയഞ്ചു വർഷം ആ വാഗ്ദത്ത നിവൃത്തിക്കായി അബ്രഹാം പ്രത്യാശയോടെ കാത്തിരുന്നു. മാനുഷിക രീതിയിൽ സാദ്ധ്യതകൾ ഇല്ലാതായിക്കൊണ്ടിരുന്നപ്പോഴും വിശ്വാസത്തിൽ അബ്രഹാം ക്ഷീണിച്ചില്ല. വാഗ്ദത്തം ചെയ്തവൻ നിവർത്തിപ്പാൻ ശക്തൻ എന്ന് ഉറച്ചു(റോമ4:19,21) അവനെയാണു ദൈവം വിശ്വാസികളുടെ പിതാവായി ഉയർത്തിയത്.

ഒരു സന്തതിയെ ചോദിച്ചവന് എണ്ണിത്തീർക്കാനാവാത്ത വിധം സന്തതികളെ ദൈവം വർദ്ധിപ്പിച്ചുകൊടുത്തു. തന്റെ വമ്പിച്ച സ്വത്തിന് ദമ്മശേക്കുകാരനായ എല്യേസർ അവകാളിയാകുമല്ലോ എന്നു അബ്രഹാം ഭയന്നു. ആകയാൽ എനിക്ക് ഒരു സന്തതിയെ തരണമെന്നാണ് അബ്രഹാം ദൈവത്തോട് ചോദിച്ചത്. എന്നാൽ ദൈവം അവനെ കൂടാരത്തിനു പുറത്തേയ്ക്ക് കൊണ്ടുവന്നു. ആകാശത്തിലേക്ക് നോക്കിപ്പിച്ചു. എണ്ണമില്ലാത്ത നക്ഷത്രങ്ങളെപ്പോലെയും കടൽക്കരയിലെ മണൽത്തരിയെപ്പോലെയും സന്തതിയെ തരുമെന്ന് അരുളിച്ചെയ്തു. അതാണു പൗലോസ് പ്രബോധിപ്പിക്കുന്നത് നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തപരമായി ചെയ്വാൻ നമ്മിൽ വ്യപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു....മഹത്വം ഉണ്ടാകട്ടെ.(എഫെ3:20)

**2.പരീക്ഷയിൽ സഹായിപ്പാൻ കഴിവുള്ളവൻ.**

ചിലപ്പോൾ പരീക്ഷകളിലൂടെ നാം കടന്നു പോകാൻ ദൈവം നമ്മെ അനുവദിക്കും. എന്നാൽ പരീക്ഷയിൽ നാം പരാജയപ്പെടുവാനോ തകരുവാനോ ദൈവം അനുവദിക്കുകയില്ല. സഹിപ്പാൻ കഴിയുന്നതിൽ കൂടിയ പരീക്ഷ നമുക്കു തരില്ല. തന്നെയുമല്ല, പരീക്ഷയോടൊപ്പം അവൻ നീക്കുപോക്കും തരും. യഥാർത്ഥ ഭക്തൻ ആ പരീക്ഷയിലൂടെ കൂടുതൽ ശക്തിയും തേജസ്സും ആർജ്ജിച്ചവനായി പുറത്തു വരും. വിശ്വാസവീരരായ മൂന്നു കൂട്ടരെപ്പറ്റി ഇത്തരുണത്തിൽ ചിന്തിക്കാനാഗ്രഹിക്കുന്നു.

1)വിശ്വാസികളുടെ പിതാവായ അബ്രഹാം: നിന്റെ ഏകജാതനായ യിസ്ഹാക്കിനെ ഹോമയാഗം കഴിക്കാൻ ദൈവം പറഞ്ഞു. അനുസരിച്ച അബ്രഹാം മോറിയാ ദേശത്ത് ദൈവം കൽപ്പിച്ച മലയിലെത്തി. പിന്നാലെ നടന്നുവന്ന മകനോട് (ഹോമയാഗത്തിനുള്ള മൃഗത്തെ)പ്പറ്റി. മകനേ..ദൈവം കരുതിക്കൊള്ളും എന്നു പറഞ്ഞ അബ്രഹാം മലമുകളിൽ ആ ദൈവീകകരുതൽ കണ്ടറിഞ്ഞു. ആ കരുതുന്നവനായ ദൈവം യിസ്ഹാക്കിനു പകരമായി കുഞ്ഞാട്ടിൻ കുട്ടിയെ കൊടുത്തു. അതേ, നമ്മുടെ ദൈവം നമുക്കായ് കരുതുന്നവനാണ്(1പത്രോ5:7,സങ്കീ85:4,55:22). എന്നാൽ ബാലന്റെ മേൽ കൈവയ്ക്കുവാൻ ദൈവം അനുവദിച്ചില്ല, കൂടുതൽ ശക്തിയുള്ള വിശ്വാസവും ഐശ്വര്യവുമായ അനുഗ്രഹവും ഉള്ളവനായിട്ടാണ് അബ്രഹാം പരീക്ഷയിൽ മലയിറങ്ങിപ്പോയത്.

2)ബാബേലിലെ എബ്രായ ബാലന്മാർ: നെബുഖദ്നേസർ രാജാവു നിറുത്തിയ സ്വർണ്ണ വിഗ്രഹത്തെ നമസ്കരിക്കാഞ്ഞതിനാൽ, ഈ എബ്രായ ബാലന്മാർ തീച്ചൂളയിൽ എറിയപ്പെട്ടു. എന്നാൽ അന്നൊരു ദൈവീക വാഗ്ദത്തം നടപ്പായി. നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകയില്ല, അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല....യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ. യിസ്രായേലിന്റെ ദൈവം സഹായത്തിനായ് അവിടേക്ക് ഇറങ്ങിവന്നു. അവരെ വിടുവിച്ചു. എന്തായിരുന്നു അവർ രാജാവിനോടു പറഞ്ഞത്? ഞങ്ങളുടെ ദൈവത്തിനു ഞങ്ങളെ തീച്ചൂളയിൽ നിന്നു വിടുവിക്കാൻ കഴിയും. അതേ, ആ വിശ്വാസപ്രഖ്യാപനം നട

തുടർച്ച 09പേജ്ൽ




പ്പിലായി. പരീക്ഷയാകുന്ന തീച്ചൂളയിൽ വാഴ്ത്തപ്പെട്ടു. എങ്കിലും വിടുവിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യമവർ അനുഭവിച്ചറിഞ്ഞു.(ദാനി31:17 –26).

3)ഭക്തനായ ഇയ്യോബ്: ഇയ്യോബിനെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചു. തനിക്കുള്ളതെല്ലാം നശിച്ചു. തന്റെ ശരീരംപോലും ബാധിക്കപ്പെട്ടു. ആശ്വസിപ്പിക്കാൻ വന്നവർ വ്യസനിപ്പിക്കുന്നവരും, പ്രാണസഖിയായ ഭാര്യ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നവളും ആയിത്തീർന്നു. എന്നിട്ടുമവൻ ഭക്തി മുറുകെപ്പിടിച്ചു. വാക്കുകൊണ്ടുപോലും പാപം പ്രത്യാശയും പ്രകടമാക്കുന്ന രണ്ടു വാക്യങ്ങൾ ഉദ്ധരിക്കട്ടെ. അവൻ(ദൈവം) എന്നെ കൊന്നാലും ഞാൻ അവനായി കാത്തിരിക്കും. അവൻ എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തുവരും(13:15,23:10) അതേ, കീടമെല്ലാം മാറി, ശുദ്ധി ചെയ്തു പൊന്നുപോലെ, വിശ്വാസത്തിന്റെ പരിശോധനയിൽ വിജയാളിയായി ഇയ്യോബ് പുറത്തുവന്നു(1പത്രോ1:7, യെശ48:10). പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും(യാക്കോ1:12, 5:11, വെളിപ്പാട്2:10).

3.കൃപയിൽ നിന്നു വീഴാതെ താങ്ങാൻ കഴിവുള്ളവൻ .

മനുഷ്യജീവിതത്തിനു ഏറ്റവും ആവശ്യമായിരിക്കുന്നത് ദൈവകൃപയാണ്. നോഹയേയും ഹാനോക്കിനെയും കന്യകാമറിയമിനെയുമൊക്കെ ധന്യരാക്കിയത് അവരുടെമേൽ പകർന്ന ദൈവകൃപയാണല്ലോ.എന്റെ കൃപനിനക്കുമതി. എന്നാണു കർത്താവ് പൗലോസിനോട് പറഞ്ഞത്.ഞാൻ ആകുന്നത് കൃപയാകുന്നു എന്നു പറഞ്ഞ പൗലോസ് തിമോഥെയോസിനോട് പറയുന്നു. എന്റെ മകനേ ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക(2കൊരി12 :9, 2തിമോ2:1) നമുക്കുള്ളതെല്ലാം ദൈവകൃപയാൽ ലഭിച്ചതാണ്(1കൊരി3:10, 15:10) നമ്മിൽ കൃപ പകരുന്നതിനും വർദ്ധിപ്പിക്കാനും കർത്താവ് കഴിവുള്ളവനാണ്(2കൊരി9:8)

ഈ കൃപയിൽ നിന്നും വീണുപോകുവാൻ സാദ്ധ്യതയുണ്ട്. ആകയാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കട്ടെ എന്നു ബൈബിൾ മുന്നറിയിപ്പ് തരുന്നു. എപ്പോഴും കർത്താവിനോട് പറ്റിയിരിക്കുന്നവർ കൃപയിൽ നിന്നു വീഴുകയില്ല. നമ്മുടെ ദൈവാശ്രയം കുറയുമ്പോൾ വീഴ്ചയ്ക്കുള്ള സാധ്യത കൂടുകയാണ്.

പരീക്ഷകളിലും പരിശോധനകളിലും കൂടെ നാം കടന്നുപോകേണ്ടി വന്നേക്കാം. എന്നാൽ ആ വിധ പരീക്ഷകളിൽ ഒന്നു നാം വീണു തകർന്നു പോകാൻ കർത്താവു അനുവദിക്കയില്ല. പരീക്ഷയിൽ വിജയം പ്രാപിച്ച ഒരാൾക്ക് മാത്രമെ പരീക്ഷിക്കപ്പെടുന്നവരെ ശരിയായി സഹായിക്കാനൊക്കൂ..... പാപം ഒഴികെ സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനാണ് നമ്മുടെ കർത്താവ്. പരീക്ഷയിൽ താൻ സാത്താനെയും ജയിച്ചവനാണ്. നമ്മെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു(മത്തായി4:1–10, എബ്രാ2:18, 7:25) പരീക്ഷയിലും വീഴാതെവണ്ണം നമ്മെ നിലനിർത്തുന്ന ഈ ദൈവത്തെക്കുറിച്ച് യൂദായും പൗലോസും എഴുതിയിരിക്കുന്ന ഭാഗങ്ങൾ നമുക്കിന്നും ചൈതന്യം പകരുന്നു. വിഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ....നിറുത്തുവാൻ ശക്തിയുള്ളവനു ....തേജസ്സും മഹിമയും ഉണ്ടാകട്ടെ. അവൻ നിൽക്കുന്നതോ വീഴുന്നതോ സ്വന്ത യജമാനനത്രേ. അവൻ നിൽക്കും

ഈ കൃപയിൽ നിന്നും വീണുപോകുവാൻ സാദ്ധ്യതയുണ്ട്. ആകയാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പൻ നോക്കട്ടെ എന്നു ബൈബിൾ മുന്നറിയിപ്പ് തരുന്നു. എപ്പോഴും കർത്താവിനോട് പറ്റിയിരിക്കുന്നവർ കൃപയിൽ നിന്നു വീഴുകയില്ല.

തുടർച്ച 10പേജിൽ




ഹൃദയം തകർന്നവരുടെ മുറിവുകളെ കെട്ടുന്നു. എല്ലാ വഴിയും കുറവ് തീർത്ത്, ശക്തികൊണ്ട് അര മുറുക്കുന്നു. പാപികളെ രക്ഷിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു. പരിശുദ്ധാത്മാവിനെ നൽകുന്നു.

താനും. അവനെ നിൽക്കുമാറാക്കുവാൻ കർത്താവിനു കഴിയും. (യൂദാ24, റോമ14:4) ജീവിതാന്ത്യം വരെ വീഴാതെ നമ്മെ സൂക്ഷിക്കുവാൻ കഴിവുള്ള ഈ കർത്താവിന്റെ തൃക്കരങ്ങളിൽ നമ്മെ ഏൽപ്പിക്കാം.(2തിമോ1:12)

കർത്താവിനോടുള്ള നമ്മുടെ ബന്ധം മുറിഞ്ഞു പോയിട്ടുണ്ടെങ്കിൽ ആ കണ്ണി ദൈവകൃപയിലും സ്നേഹത്തിലും വിളക്കിച്ചേർക്കണം. തെറ്റുകളെ കണ്ടു ഉണർന്ന് നാം കൃപാസനത്തിനോട് ചേർന്നു വരണം. വീണ്ടും ഒട്ടിപ്പാൻ ദൈവം ശക്തനാണല്ലോ( റോമ11:23)

അതുപോലെ തന്നെ നമ്മുടെ ആവശ്യങ്ങളെയെല്ലാം നിറവേറ്റിതരാനും ദൈവത്തിന് കഴിവുണ്ട്. ആത്മീകവും ഭൗതീകവുമായ നമ്മുടെ ഞരക്കങ്ങളും ഞെരുക്കങ്ങളും കർത്താവു മാറ്റിത്തരും. പൗലോസ് പറയുന്നു എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്ത വണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.(ഫിലി4:19) അതാണു പാട്ടുകാരൻ പാടിയത്.

# ദേവാലയത്തിൽ ഫാഷൻ ഷോ: പ്രതിഷേധം ശക്തമായതോടെ തെറ്റ് ആവർത്തിക്കില്ലെന്ന് പോർട്ടോ റിക്കോ അതിരൂപതയുടെ ഉറപ്പ്

**സാൻ ജൂവാൻ:** അമേരിക്കൻ അധീനതയിലുള്ള കരീബിയൻ ദ്വീപായ പോർട്ടോ റിക്കോയിലെ സ്റ്റെല്ലാ മേരീസ് ദേവാലയത്തിൽ ഒക്ടോബർ അവസാനം നടത്തിയ ഫാഷൻ ഷോ വിവാദത്തിൽ. പ്രതിഷേധം ശക്തമായതോടെ ഇനിയൊരു ദേവാലയത്തിലും ഇത്തരം പ്രവർത്തികൾ നടക്കുകില്ലെന്ന് സാൻ ജുവാഡെ അതിരൂപതയുടെ ഉറപ്പ്. നവംബർ 5 ന് മെട്രോപ്പൊളിറ്റൻ മെത്രാപ്പൊലീത്തയുടെ പ്രസ് ഓഫീസിന്റെ ചുമതല നിർവഹിക്കുന്ന സാമുവേൽ സോറോ അലോൺസോയാണ് രേഖാമൂലമുള്ള ഉറപ്പ് നൽകിയത്. ഇക്കാര്യത്തെ കുറിച്ച് ഇടവകതലത്തിലും രൂപതാ തലത്തിലും പല ചർച്ചകൾ നടന്നുവെന്നും ഇനി ഇത്തരമൊരു കാര്യം മേലാൽ ആവർത്തിക്കില്ലെന്നും കത്തിൽ പറയുന്നു. 2012 ൽ പോർട്ടോ റിക്കോയിൽ വെച്ച് കൊലചെയ്യപ്പെട്ട സ്റ്റെഫാനോ എന്ന യുവാവിന്റെ സ്മരണാർത്ഥം സ്ഥാപിതമായ സ്റ്റെഫാനോ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് വേണ്ട ധനസമാഹരണാർത്ഥം നടത്തിയ ഫാഷൻ ഷോ ആണ് വിവാദമായത്. ഡിസൈനർ ബിയാ റോഡ്രിഗ്സ് സുവാരസിന്റെ നേതൃത്വത്തിലാണ് ദേവാലയത്തിന്റെ പരിശുദ്ധിയെ കളങ്കപ്പെടുത്തിക്കൊണ്ട് ഫാഷൻ ഷോ സംഘടിപ്പിച്ചത്. സമൂഹമാധ്യമങ്ങളിലൂടെ നിരവധിപേർ ഇതിനെതിരെ രോഷം പ്രകടിപ്പിച്ചു. എന്ത് ധനസമാഹരണത്തിന്റെ പേരിലായാലും ഇത് സ്വീകാര്യമല്ല എന്ന് നിരവധി പേർ പ്രതിഷേധം അറിയിച്ചു.



ഇത്തരമൊരു പരിപാടിക്ക് പറ്റിയ വേദി ഇതല്ലായിരുന്നുവെന്നും ഇത് അപകീർത്തിപരമാണെന്നും അന്നാ സ്ട്രങ്ങ് എന്ന ടിറ്റർ ഉപയോക്താവ് വീഡിയോ സഹിതം ടീറ്റ് ചെയ്തു. സാൻ ജുവാനിൽ നിരവധി സ്ഥലങ്ങൾ ഉണ്ടെന്നിരിക്കെ ഒരു ദേവാലയത്തിൽ തന്നെ ഇത് വേണമായിരുന്നോ എന്ന് നിരവധി പേർ ചോദ്യമുയർത്തി. വിശുദ്ധ സ്ഥലത്തിന്റെ പവിത്രതയെ സംബന്ധിച്ച് കനോൻ നിയമം 1210 ന് വിരുദ്ധ പ്രവർത്തിയാണ് നടന്നതെന്ന് മറ്റ് ചിലർ പ്രസ്താവിച്ചു. ഈ സംഭവത്തെ ചോദ്യം ചെയ്തുകൊണ്ട് വിശ്വാസികൾ അതിരൂപത നേതൃത്വത്തിന് നേരത്തെ കത്തയച്ചിരുന്നു.

# ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു.

താഴ്മയുള്ളവരുടെ മനസിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയമുള്ളവരോടുകൂടെയും വസിക്കുന്നു.



ജിജി ബാബു.

പ്രിയപ്പെട്ടവരെ നിങ്ങൾ വിചാരിക്കാറുണ്ടോ? എന്നാണെന്റെ ദു:ഖം കാലം തീരുന്നത് എനിക്ക് എന്നെങ്കിലും സന്തോഷം ലഭിക്കുമോ? ആരെനിക്കു സന്തോഷം നൽകും, ആരെന്റെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകിത്തരുമെന്നോർത്ത് വ്യകുലപ്പെട്ടിരിക്കയാണോ? വേണ്ട, വിഷമിക്കേണ്ട എല്ലാറ്റിനും പരിഹാരം തരുവാൻ കഴിവുള്ള ഒരാളെ പരിചയപ്പെടാം, അദ്ദേഹം അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു(യെശയ്യാവ്57:15) പറയുന്നു. ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു. താഴ്മയുള്ളവരുടെ മനസിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയമുള്ളവരോടുകൂടെയും വസിക്കുന്നു.

പ്രിയരെ നിങ്ങളുടെ ഹൃദയത്തിനു ചൈതന്യം വരുത്തുവാൻ അവിടുന്നു നിങ്ങളുടെ ഹൃദയത്തിലേക്ക് ഇറങ്ങി വരും നാം ദൈവത്തോടു അടുത്തു ചെല്ലുക, മനസ്താപമുള്ളൊരു ഹൃദയത്തോടു അടുത്തു ചെന്നാൽ തീർച്ചയായും അവിടുന്നു നമ്മോടുകൂടെ വസിക്കും. അങ്ങനെ വസിച്ചാൽ ഇതായിരിക്കും നമ്മുടെ അവസ്ഥ (യെശ60:19) പകൽ നേരത്തു നിന്റെ വെളിച്ചം സൂര്യനല്ല, നിനക്കു നിലാവെട്ടം തരുന്നതു ചന്ദ്രനുമല്ല. യഹോവ നിനക്കു നിത്യ പ്രകാശവും നിന്റെ ദൈവം നിന്റെ തേജസുമായവനു നിന്റെ സൂര്യൻ ഇനി അസ്തമിക്കയില്ല. നിന്റെ ചന്ദ്രൻ മറഞ്ഞു പോകയില്ല. യഹോവ നിന്റെ നിത്യപ്രകാശമായിരിക്കും. നിന്റെ ദു:ഖകാലം തീർത്തു പോകും.

പ്രിയപ്പെട്ടവരെ, ദൈവം നമ്മോടുകൂടെ വസിച്ചാൽ സൂര്യനായിരിക്കില്ല നമ്മുടെ പ്രകാശംകർത്താവായിരിക്കും. ദൈവമായിരിക്കും നമ്മുടെ മഹത്വം. നമ്മുടെ സൂര്യനും ചന്ദ്രനും ഒരിക്കലും അസ്തമിക്കില്ല. കർത്താവായിരിക്കും നമ്മുടെ നിത്യപ്രകാശം നമ്മുടെ ദു:ഖകാലം അവസാനിക്കും തീർച്ച, ദൈവം വാക്കു തരികയാണ്. ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ് വാക്കു പറഞ്ഞാൽ മാറില്ല. ഒരു പക്ഷേ മനുഷ്യൻ വാക്കുമാറും. അതുകൊണ്ടു വിശ്വസിക്കുക മനസ്താപമുള്ള ഹൃദയത്തോട് നാം ദൈവ പാദപീഠത്തിൽ ഇരുന്നാൽ പ്രിയരെ നിശ്ചയമായി ദൈവം നമ്മിൽ ഇറങ്ങി വരും., ദൈവം വന്നാൽ നിശ്ചയമായും ദു:ഖകാലം തീർന്നു പോകും, ദൈവം



നിത്യപ്രകാശമായി നമ്മിൽ വസിക്കും മറക്കേണ്ട.
യേശു പിന്നെയും അവരോടു സംസാരിച്ചു ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു.

# ഐ പി സി മഹാരാഷ്ട്ര സ്റ്റേറ്റ് കൺവൻഷൻ ഡിസം. 3 മുതൽ 5 വരെ

ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റ് കൺവൻഷൻ ഡിസംബർ 3,4,5 തിയതികളിൽ ദിവസവും വൈകുന്നേരം 7 മണി മുതൽ 9 വരെ വെർച്വൽ പ്ലാറ്റ്ഫോമിൽ നടക്കും. മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി ജോയി ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഷിബു തോമസ്, തോമസ് ചെറിയാൻ, ടി ഡി ബാബു, തോമസ് ഫിലിപ്പ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കും.

**മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി ജോയി ഉദ്ഘാടനം ചെയ്യും.**

ഡിസംബർ 5 ഞായറാഴ്ച രാവിലെ 10 മുതൽ മഹാരാഷ്ട്ര സ്റ്റേറ്റിലുള്ള സഭകൾ ഏകോപിച്ചുള്ള ആരാധന നടക്കും. പാസ്റ്റർ കെ എ മാത്യൂ, പാസ്റ്റർ കെ എം വർഗീസ്, ബ്രദർ എം സി വർഗീസ്, ബ്രദർ വർഗീസ് എബ്രഹാം എന്നിവർ നേതൃത്വം നൽകും.






യഹോവയെ സ്തുപ്പിൻ; എൻ മനമേ യഹോവയെ സ്തുതിക്കുക( സങ്കീ146:1)

# യഹോവയെ സ്തുതിപ്പിൻ

**മി**ക്ക സങ്കീർത്തനങ്ങളുടെയും ആരംഭത്തിലും അവസാനത്തിലും നാം കാണുന്ന ഒരു ആഹ്വാനമാണിത്. യഹോവയെ സ്തുതിപ്പിൻ എന്താണിതിത് ഇത്ര പ്രത്യേകത? ദൈവം സ്തുതികളിന്മേൽ വസിക്കുന്നവനാണ്. യഹോവയ്ക്ക് സ്തോത്രം ചെയ്യുന്നത്, അവിടുത്തെ നാമത്തെ പുകഴ്ത്തുന്നത് ദൈവത്തിന്റെ സാന്നിദ്ധ്യം നാം ഉറപ്പാക്കുകയാണ്. പ്രതികൂലങ്ങളിലും പ്രതിസന്ധികളിലും മാത്രമല്ല, ജീവിതത്തിന്റെ ഉന്നതവേളയിലും, ആഘോഷദിനങ്ങളിൽ ദൈവത്തെ ഉയർത്തുന്ന ഒരു സ്വഭാവം കെട്ടിപ്പെടുക്കുക. സ്തുതിയും സ്തോത്രവും സ്വീകരിപ്പാൻ യോഗ്യനായ ഒരുവൻ നമ്മുടെ ദൈവം മാത്രമാണ്. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവിടുത്തെ കൈവേലയെ പ്രസിദ്ധമാക്കുന്നു. കാരണം അവിടുന്ന് സൃഷ്ടികർത്താവാണ് അവിടുത്തെ വാക്കിന് സകലവും ഉളവായി ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിച്ചുവരുത്തി, സകലത്തിനും പേർ വിളിച്ചു. നക്ഷത്രങ്ങളുടെ ഒക്കെയും എണ്ണം നോക്കുന്നു. സകല ജഡത്തിനും അതതിന്റെ ആഹാരം കൊടുക്കുന്നു. ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ കൂടിവയ്ക്കുന്നു. ഭൂതലത്തിൽ ഒക്കെയും മഴ പെയ്യിക്കുന്നു. ദരിദ്രനെ കുപ്പയിൽ നിന്ന് ഉയർത്തുന്നു. ക്ഷീണിച്ചവർക്ക് ബലം പകരുന്നു. ഹൃദയം തകർന്നവരുടെ മുറിവുകളെ കെട്ടുന്നു. എല്ലാ വഴിയും കുറവ് തീർത്ത്, ശക്തികൊണ്ട് അര മുറുക്കുന്നു. പാപികളെ രക്ഷിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു. പരിശുദ്ധാത്മാവിനെ നൽകുന്നു. രാജാധിരാജാവായി വേഗം വരുന്നു. അവിടുന്ന് എത്ര മഹത്വം ഉള്ളവൻ നമ്മുടെ ദൈവത്തെപ്പോലെ വലിയ ദൈവം ആരുള്ളൂ? യഹോവയെ സ്തുതിപ്പിൻ.



പാസ്റ്റർ ഷിബു തോമസ്,
ഒക്കലഹോമ.

**പ്രാർത്ഥന:**

സകല മഹത്വത്തിനും യോഗ്യനായ ദൈവമെ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ആമേൻ.



END TIME RADIO

24/7 Christian Radio Network NOW AVAILABLE IN

**English**
**Malayalam**
**Hindi & Tamil**

- Christian songs unlimited
- Christian short messages
- Motivational sermons
- Uplifting talks & so on...

**IT'S ABSOLUTELY FREE!!**

*Stream inside outside or anywhere you go!*

Computer | Smart phone | Tablet
Wireless speaker | Smart TV | Car-media player

*and more..*

Download now

GET IT ON Google Play | Download on the App Store

visit us: theendtimeradio.com

endtimeradio24x7


SANAM TV NEWS LIVE
BROTHERS
PRO AUDIO AND STAGE DECORATION
SANAM TV
BROTHERS SOUNDS
ചേർന്നൊരുക്കുന്ന
Music Night
വ്യാപാര ഭവൻ
ഓഡിറ്റോറിയം
പാമ്പാടി
LIVE
പാടും ഞാൻ
യേശുവിനായ്
2021 നവംബർ 28 ഞായർ 7.00 pm
Evg: K.P.Rajan
Br.Joshy Markose
Sis. JessyBlnu
Pr.Jacob John
Beersheba Gospel Voice Kottayam
Contact: 9847028449
Br.Lalu Issac
Br.Sunny
Pr.Sunny Alappuzha
Br.Shaji
Pr.Shine
Pr.E.C.Joseph
LIVE TELECAST ON SANAM TV FACEBOOK PAGE & YOUTUBE
കൂടുതൽ വിവരങ്ങൾക്ക് 8075898087, 8593068544, 9072763005

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no :
TVM/TC/1717/2014
Established :USA
Published from :
India, Kerala, TVM





# US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

## OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015